പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :609 03.03.2020-ൽ മറുപടിക്ക്

# കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്താൻ നടപടി

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

മറുപടി

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രാഥമിക സഹകരണ സംഘങ്ങളിൽ അടിസ്ഥാന ഘടകമായി ജോലി നോക്കുന്ന കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ; | (എ) | സഹകരണ സംഘം രജിസ്ട്രാറുടെ 07/05/2018 തീയതിയിലെ 28/2018 നമ്പർ സർക്കുലർ പ്രകാരം, 14/07/2015 ന് മുമ്പ് നിയമിക്കപ്പെട്ടിട്ടുള്ളതും നാളിതുവരെ സ്ഥിര പ്പെടുത്തിയിട്ടില്ലാത്തതുമായ നിക്ഷേപ/വായ്പ കളക്ഷൻ ഏജന്റുമാരെ വ്യവസ്ഥകൾക്ക് വിധേയമായി, ടി തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിലവിൽ എത്ര കളക്ഷൻ ഏജന്റുമാർ ജോലി നോക്കുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിലവിൽ 7416 കളക്ഷൻ ഏജന്റുമാർ ജോലി നോക്കുന്നുണ്ട്. |
| (സി) | ഇവരെ സ്ഥിരപ്പെടുത്തുന്നതു കൊണ്ടും ഇവരുടെ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതുകൊണ്ടും സംഘങ്ങൾക്ക് എത്ര രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ? | (സി) | കളക്ഷൻ ഏജന്റുമാരെ സ്ഥിര പ്പെടുത്തുമ്പോൾ കളക്ഷൻ തുകയിൽ നിന്നുള്ള നിശ്ചിത ശതമാനം തുക കമ്മീഷനായി നൽകുന്നതിനാൽ സ്ഥിരപ്പെടുത്തുന്നതുകൊണ്ട് സംഘങ്ങൾക്ക് വെൽഫെയർ ഫണ്ട്, പെൻഷൻ ഫണ്ട് എന്നീ ഇനങ്ങളിൽ നാമമാത്രമായ അധികബാദ്ധ്യതയെ ഉണ്ടാകുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ